അടിയന്തിരം

മേലെഴുത്ത് നം. J5/44484/2022/DCE തീയതി 26.05.2022

സർക്കാർ കത്ത് തുടർ നടപടികൾക്കായും അറിവിലേക്കായും ഇതോടൊപ്പം നൽകുന്നു. യു.ജി.സി ആറാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട 3,4 ഗഡുക്കളോടൊപ്പം മുൻ ഗഡുക്കൾ ഉൾപ്പെടെയുള്ള നോൺ സ്പാർക് ബില്ലുകൾ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/07/2022 **തീയതിക്കുള്ളിൽ തന്നെ** മാറുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള കാലാവധി ഇനി ദീർഘിപ്പിക്കുന്നതല്ല എന്ന് സർക്കാർ അറിയിച്ച വിവരം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

# Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 26.05.2022
Reason: Approved

ഒപ്പ് /-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1 ) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും , എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ മാർക്കും.
2)ഔദ്യോഗിക വെബ്സൈറ്റ് മുഖേന

**VERY URGENT**

# കേരള സർക്കാർ

നമ്പർ.359411/എസ്.എൽ.1/220/2016-ധന.

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്
ഫോൺ : 0471-2518814
financestreamlining@gmail.com
തിരുവനന്തപുരം,
തീയതി : 19/05/2022.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സർ,

**വിഷയം :- യു. ജി. സി. / എ.ഐ.സി.റ്റി.ഇ. പേ റിവിഷൻ അരിയർ ബിൽ നോൺ സ്പാർക്ക് ബിൽ ആയി സമർപ്പിക്കുന്നത് - സംബന്ധിച്ച്.**
**സൂചന :- സർക്കാരിന്റെ 08.09.2021 തീയതിയിലെ എസ്.എൽ.1/220/2016/ധന നമ്പർ കത്ത്.**

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. യു.ജി.സി. / എ.ഐ.സി.റ്റി.ഇ. ആറാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട (3, 4 ഗഡുക്കളോടൊപ്പം മുൻ ഗഡുക്കളുൾപ്പെടെയുള്ള) കുടിശ്ശിക ബില്ലുകൾ നോൺ സ്പാർക്ക് ആയി സ്വീകരിക്കുന്നതിനുള്ള കാലയളവ് സൂചനയിലെ സർക്കാർ കത്ത് പ്രകാരം 31.12.2021 വരെ ദീർഘിപ്പിച്ച് അനുമതി നൽകിയിരുന്നു. എന്നാൽ, ഈ ഇനത്തിൽ സ്പാർക്കിതര ബില്ലുകൾ മാറുന്നതു സംബന്ധിച്ച് നിരവധി അപേക്ഷകൾ സർക്കാരിലേയ്ക്ക് നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി തുടർന്നും സ്പാർക്ക് ഇതര ബില്ല് സ്വീകരിക്കുന്നതിനുള്ള കാലയളവ്, തുടർന്ന് വീണ്ടും ദീർഘിപ്പിക്കില്ലായെന്ന നിബന്ധനയോടെ **31/07/2022 വരെ ദീർഘിപ്പിച്ച്** അനുമതി നൽകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ട്രഷറി ഓഫീസർമാർക്കും അടിയന്തിരമായി നൽകണമെന്ന് അറിയിക്കുന്നു. ഇതു സംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള

നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സ്പാർക്കിതര ബില്ലുകൾ സസൂക്ഷ്മം പരിശോധിച്ച വേണം പാസ്സാക്കേണ്ടതെന്നും ട്രഷറികളെ പ്രത്യേകം അറിയിയ്ക്കേണ്ടതാണ്. മാത്രമല്ല, ഈ ഇനത്തിൽ പാസ്സാക്കുന്ന ബില്ലുകളുടെ വിവരം ക്രോഡീകരിച്ച് എല്ലാ ആഴ്ചയും സർക്കാരിനെ അറിയിക്കേണ്ടതും അത്തരം ബില്ലുകൾ ട്രഷറികളിൽ ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ തീർപ്പുണ്ടാക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുരേഷ് കുമാർ. ഒ. ബി,
**ജോയിന്റ് സെക്രട്ടറി,**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

(1) നോഡൽ ഓഫീസർ, www.finance.kerala.gov.in.
(2) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ കോളേജുകളെയും അടിയന്തിരമായി വിവരം അറിയിക്കണമെന്ന അഭ്യർത്ഥനയോടെ).
(3) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അടിയന്തിരമായി വിവരം അറിയിക്കണമെന്ന അഭ്യർത്ഥനയോടെ).
(4) ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ് (ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അടിയന്തിരമായി വിവരം അറിയിക്കണമെന്ന അഭ്യർത്ഥനയോടെ).